032.1M911.11 F4

MUKTHAVALI

KUNHUNNI NAMBISSAN

032:1M911:11
F4

11:11 F4
AMBISAN

MUL
051112

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:1M911:11 F4

Accession Number 51112

Available for loan from

This book should be returned on or before the date last marked below.

# മുക്താവലി

ഗ്രന്ഥകർത്താ

ചെറളിയിൽ കുഞ്ഞുണ്ണിനമ്പീശൻ

തിരുവേഗപ്പുറ

---

പ്രസാധകന്മാർ

1

അഴകപ്പുറ നാരായണൻനമ്പൂതിരി

2

വടക്കേടത്ത് അച്യുതൻനമ്പൂതിരി

---

കോപ്പി 550

---

ലക്ഷ്മീസഹായം മുദ്രാലയം

കോട്ടക്കൽ

PRICE 6AS] [വില ൬ണ

---

പകർപ്പവകാശം ഗ്രന്ഥകർത്താവിന്നുതന്നെ.

MADRAS

51112
032 :1M911:11
F4

# അവതാരിക

മലയാളസാഹിത്യത്തിൽ അടുത്തകാലത്തു, മനോജ്ഞമായ ഒരു പരിവർത്തനം ഉണ്ടായിട്ടുണ്ടു്. പഴമപ്രിയന്മാരായ ചില 'സ്ഥിതസ്ഥാപക'ന്മാർ പരിഭ്രാന്തിയോടുകൂടി എന്തുതന്നെ പുലമ്പിയാലും സാഹിത്യത്തിന്റെ പുതിയ മാർഗ്ഗത്തിൽകൂടെയുള്ള ഈ പുരോയാത്ര ഭാഷയെ ഭാസുരമായ ഒരു ഉത്തമസങ്കേതത്തിലേയ്ക്കാണു് നയിയ്ക്കുന്നതെന്നു തീർച്ചയാണു്. ഭാഷാസാഹിത്യത്തിലിപ്പോൾ ലബ്ധപ്രതിഷ്ഠമായിത്തീർന്നിട്ടുള്ള നവീനപ്രസ്ഥാനത്തിന്റെ ആഗമം ഏതുവിധത്തിലായിരുന്നാലും ഇന്നത്തെ ഭൂരിപക്ഷം സാഹിത്യകാരന്മാരും സാഹിത്യരസികന്മാരും അതിനെ പിന്തുടരുവാനും, കൊണ്ടാടുവാനും ഉൽക്കടമായ ഉൽക്കണ്ഠ കാണിയ്ക്കുന്നുണ്ടു്. അനേകം "മന്വന്തര"ങ്ങൾക്കു മുമ്പു നടപ്പിലിരുന്ന ഒരു രീതിയെ അവലംബിച്ചുകൊണ്ടു നവീനലോകത്തോടു യാതൊരു ബന്ധവുമില്ലാത്ത പ്രകാരത്തിൽ കവിത എഴുതിവിടുന്നതിനു തക്കവണ്ണം ധൈര്യം ഉള്ളവർ ഇക്കാലത്തു് അധികം പേരുണ്ടെന്നു തോന്നുന്നില്ല. പഴയ 'കരു'വിൽ വാർത്തെടുക്കുന്ന സാമാനങ്ങൾ പുതിയ 'ചന്ത'യിൽ വിറ്റഴിഞ്ഞുപോവാൻ പ്രയാസമാണെന്നു മിക്കപേർക്കും അറിയാം.

ഇന്നത്തെ ഭാഷാസാഹിത്യത്തിന്റെ കൌതുകപ്രദമായ പുരോയാത്രയെ സസ്പൃഹം വീക്ഷിച്ചുകൊണ്ടിരിയ്ക്കുന്ന സാഹിത്യബന്ധുക്കളെല്ലാം, ശ്രീമാൻ ചെറളിയിൽ കുഞ്ഞുണ്ണിനമ്പീശനവർകൾ മുൻപറഞ്ഞപ്രകാരം കാലോചിതമായി കവിത എഴുതുന്നതിൽ നിഷ്കർഷിയ്ക്കുന്ന ഉത്തിഷ്ഠമാനനായ

ഒരു യുവകവിയാണെന്നു ഗ്രഹിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഉൽബണങ്ങളായ ഉല്ലേഖങ്ങളുടെ പിന്നാലെ വിട്ടു ബുദ്ധിയേയും, ഭാവനാശക്തിയേയും ആയാസപ്പെടുത്താതെ പ്രകൃത്യനുസരണമായും, നവീനാശയബഹുലമായും, ഭാവോത്തേജകമായും കവിതകൾ രചിക്കുന്ന ശ്രീമാൻ കുഞ്ഞുണ്ണിനമ്പീശനവർകളുടെ സാഹിത്യത്തിന്റെ പ്രശാന്തലളിതമായ സൌഭാഗ്യം സൂക്ഷ്മദർശികളായ സഹൃദയന്മാരുടെ ദൃഷ്ടികളെ ആവർജ്ജനം ചെയ്യാതിരിപ്പാനിടയില്ല. മിസ്റ്റർ നമ്പീശൻ പലപ്പോഴും പല മാസികകളിലുമായി എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചെറുകവിതകൾ വായിച്ചിരിപ്പാനിടയുള്ള നിർമ്മത്സരന്മാരായ വായനക്കാരെല്ലാം ഈ യുവകവിയുടെ കവനകലാകൌശല്യത്തെ അഭിനന്ദിക്കുകയും, ഇദ്ദേഹത്തിന്റെ വിശകലിതങ്ങളായിക്കിടക്കുന്ന ഖണ്ഡകവനങ്ങളെല്ലാം സംഗ്രഹിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനെ സാഭിലാഷം പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ടായിരിക്കുമെന്നു പറവാൻ എനിക്കു് ആശേഷവും അധൈര്യം തോന്നുന്നില്ല. എന്നാൽ, അങ്ങിനെയുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ രംഗപ്രവേശത്തിൽ ഇത്രയും കാലവിളംബം നേരിടുന്നതിനുള്ള ഉത്തരവാദിത്വത്തിൽ ഒരു പങ്കു് അതിനെ രംഗപ്രവേശം ചെയ്യിക്കുവാൻ നിയുക്തനായ സൂത്രധാരനുംകൂടി ഉണ്ടെന്ന സംഗതി ഇവിടെ മറച്ചുവെക്കുന്നില്ല. ഈ മഹനീയമായ കൃത്യത്തിന്റെ ഭാരം കുറേക്കൂടി അർഹതയുള്ള മറ്റൊരാളെ ഏല്പിച്ചിരുന്നുവെങ്കിൽ, നമ്പീശനവർകളുടെ ഖണ്ഡകവനമുക്താമണികൾ ചേർത്തുകോർത്തുണ്ടാക്കിയിട്ടുള്ള ഈ “മുക്താവലി”

ഇതിനെത്രയോ മുമ്പുതന്നേ കേരളഭാഷായോഷയുടേ കണ്ഠതലത്തെ ഏററവും ഉചിതമായ വിധത്തിൽ അലങ്കരിക്കുവാൻ ഇടയാകുമായിരുന്നു.

'മുക്താവലി' എന്ന ഈ പ്രബന്ധത്തിൽ "മംഗളഗാഥ", "ഞാൻ കൃതാർത്ഥനായി" എന്നു തുടങ്ങി ആകെ 20-ഖണ്ഡകവനങ്ങൾ സംഗ്രഥിതങ്ങളായിരിക്കുന്നു. വിഷയസ്വഭാവംനോക്കി വിഭാഗം ചെയ്യുന്നപക്ഷം രാഷ്ട്രീയകവനങ്ങൾ, പ്രേമഗാനങ്ങൾ എന്നിങ്ങിനെ ഇവ രണ്ടു പ്രധാനവകുപ്പുകളിൽ ഉൾപ്പെട്ടിരിക്കുന്നവയാണെന്നു കാണാം. "നക്ഷത്രങ്ങൾ", "കണ്ണുകാണാത്ത കുട്ടി" എന്നിങ്ങിനേ ഈ വകുപ്പിൽ ഒന്നിലും പെടാതെ നിൽക്കുന്ന ചുരുക്കം ചില കവിതകളുള്ളതു് ഒരു 'പലവക'യിൽ ഉൾപ്പെടുത്താവുന്നതാണ്. രാഷ്ട്രീയകവനങ്ങൾ മിക്കതും ശ്ലേഷം, പര്യായോക്തം എന്നീ അലങ്കാരങ്ങൾ വഴിയായും, അന്യാപദേശരീതിയിലും പ്രകൃതവിഷയങ്ങളേ പ്രതിപാദിക്കുന്നവയാകയാൽ കൂടുതൽ ഭാവനോദ്ദീപകങ്ങളും, ആസ്വാദ്യങ്ങളും ആയിട്ടുള്ളവയാകുന്നു. മഹാവിഷ്ണുവിനും മഹാത്മാഗാന്ധിക്കും പററുന്ന ശ്ലിഷ്ടവിശേഷണങ്ങൾകൊണ്ടു് ആ രണ്ടു വർണ്ണ്യചരിതന്മാരേയും ഒന്നിച്ചു വർണ്ണിക്കുന്ന 'മംഗളഗാഥ' എന്ന പ്രഥമകൃതി എടുത്തു പരിശോധിച്ചുനോക്കുക. 'മധുദ്വേഷി' എന്ന ശ്ലിഷ്ടപദം മഹാവിഷ്ണുപക്ഷത്തിൽ മധു എന്ന അസുരന്റെ ശത്രുവെന്നും, മഹാത്മജിയുടെ പക്ഷത്തിൽ മദ്യപാനനിരോധിയെന്നും ഉള്ള പ്രകൃതോപയോഗികളായ രണ്ടർത്ഥങ്ങളേയും പ്രയാസംകൂടാതേ പ്രകാശിപ്പിക്കുന്നതിനാൽ അതിലേ ശ്ലേഷം എത്രമാത്രം ഹൃദ്യമായിരി

ക്കുന്നു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്.

"കെട്ടുക, കെട്ടുക" എന്നും, "ഞാൻ സ്വതന്ത്രനായി" എന്നും, "കാർമുകിൽമൂടിയ പൂന്തിങ്കൾ" എന്നും ഉള്ള പിന്നീടുവരുന്ന രാഷ്ട്രീയകവനങ്ങളും അവയുടെ ഉക്തിഭംഗീവൈചിത്ര്യംകൊണ്ടു് ഉദ്ദിഷ്ടകാൎയ്യങ്ങളേ ചമല്ക്കൃതങ്ങളായ വാചകഹൃദയങ്ങളിൽ അവഗാഢമായി പ്രവേശിപ്പിച്ചു് വാചകന്മാരേ രാജ്യസ്നേഹികളും, രാജ്യസേവാരതരുമാക്കിത്തീൎക്കുവാൻ പൎയ്യാപ്തങ്ങളായിട്ടുള്ളവയാണ്. "അഭിനവപ്രഹ്ലാദൻ", "മാഞ്ഞുപോയ തിലകം" എന്നീ കവിതകൾ നേരേ കാൎയ്യം തുറന്നു പറയുന്നവയാണെങ്കിലും സ്തോഭജനകത്വംകൊണ്ടു ഹൃദ്യങ്ങളായിട്ടുതന്നേയിരിക്കുന്നുണ്ടു്.

അനുരാഗത്തേ പരീക്ഷിക്കാതെ വിശ്വസിച്ചു് അവസാനത്തിൽ കാമുകനാൽ വഞ്ചിതയായിത്തീൎന്ന ഒരു മുഗ്ദ്ധയായ സാദ്ധ്വിയുടെ തകൎന്ന ഹൃദയത്തിൽനിന്നുൽഗമിക്കുന്ന നിരാശാവിവശങ്ങളായ വിചാരങ്ങളെ സ്തോഭജനകമാംവണ്ണം വൎണ്ണിക്കുന്ന "ഒരു ദുരവസ്ഥ" എന്ന കവിത ഹൃദയവികാരങ്ങളുടേ വിക്ഷോഭത്തോടുകൂടിയല്ലാതെ വായിക്കുവാൻ സാധിക്കുന്നതല്ല.

'ഇസ്സാധുവാം പെണ്ണിനെയങ്ങു ദൂരേ
ത്യജിച്ചുവെന്നുള്ളതിലില്ല ഖേദം;
ഇദ്ദോമനക്കുഞ്ഞിനു താതനങ്ങു-
ന്നല്ലാതെയാവുന്നതു താനസഹ്യം!"

എന്നും,

"പുറത്തു പോ പുംശ്ചലി'യെന്നു ചൊല്ലി-
ബ്ബന്ധുക്കളെല്ലാമിവളേ വെടിഞ്ഞു;

എന്നല്ലഹോ! താതനെഴാത്തൊരോമൽ-
ക്കുഞ്ഞിന്നു പെററമ്മയുമായി ഞാനും!"

എന്നുമുള്ള പദ്യങ്ങൾ ഏതൊരു വജ്രഹൃദയത്തേയും ദ്രവീഭവിപ്പിക്കത്തക്കവണ്ണം കരുണാമയങ്ങളാകുന്നു. അവസാനത്തിൽ ജീവിതനിരാശയായിത്തീൎന്ന് ആ സ്വചരിത്ര പുഴയിൽച്ചാടി ആത്മഹത്യചെയ്യുന്നതായി വൎണ്ണിക്കുന്ന ഭാഗം ഒന്നു നോക്കുക:—

"ഇവണ്ണമോതിസ്സതി മാറിലോമൽ-
ക്കുമാരനേച്ചേൎത്തുടനാററിലേയ്ക്കായ്
കുതിച്ചു ചാടീ; ക്ഷണമെട്ടുപത്തു
നീർപ്പൊള്ള പൊങ്ങീ: കഥയും കഴിഞ്ഞു!"

ശ്രീമാൻ കുഞ്ഞുണ്ണിനമ്പീശനവർകൾ കൃത്രിമങ്ങളായ കല്പനങ്ങളേക്കൊണ്ടും, ഉല്ലേഖങ്ങളേക്കൊണ്ടും കവിതക്ക് ആഹാൎയ്യശോഭ ഉണ്ടാക്കിത്തീൎക്കുന്നതിന്നു തീരെ ഉദ്യമിക്കാറില്ല. എന്നാൽ, സന്ദർഭോചിതവും സ്വാഭാവികവുമായ ഉല്ലേഖങ്ങളുടെ കല്പനത്തിൽ അദ്ദേഹത്തിന്നു കെല്പില്ലാതെയുമില്ല:—"നക്ഷത്രങ്ങൾ" എന്ന പ്രകൃതിവൎണ്ണനപരമായ പ്രബന്ധത്തിലുള്ള,

"ധരണീരാണിതൻ നീലാംബരച്ഛത്രമതല്ലിയിൽ
ഭംഗിയിൽത്തൂങ്ങി മിന്നുന്ന പൊന്നലുക്കുകളാകുമോ!"

എന്നും മററുമുള്ള രമണീയങ്ങളായ ഉല്ലേഖങ്ങൾ മിസ്റ്റർ നമ്പീശൻെറ കല്പനാശക്തിക്ക് ഉത്തമോദാഹരണങ്ങളായിരിക്കുന്നുണ്ട്.

ലാളിത്യം, ഔചിത്യം, ഭാവശുദ്ധി, ആശയമാധുര്യം, സ്തോഭജനകത്വം എന്നീ ഗുണങ്ങൾ നമ്പീശനവർകളുടേ

കവിതകളുള്ള നിസർഗ്ഗസിദ്ധങ്ങളായ "ധർമ്മങ്ങളാണ്. മിസ്റ്റർ നമ്പീശൻെറ കവിത, അപ്രതിഹതമായ 'ഗതിവേഗത്തോടുകൂടി കൂലങ്ങൾ കുത്തിയിടിച്ചുംകൊണ്ടു 'തട്ടും തരി'യും കൂടാതെ ആർത്തലച്ചൊഴുകുന്ന ഒരു ഗംഭീരനദിയോടല്ല; പ്രസന്നസ്വച്ഛസലിലയായി തരംഗലീലയാൽ മൃദുഗാനങ്ങൾ മൂളിക്കൊണ്ടു പ്രശാന്തമായൊഴുകുന്ന ഒരു ചെറുപുഴയോടാണ് സാമ്യം വഹിക്കുന്നതു്. വായനക്കാരുടെ മൃദുലങ്ങളായ മനോഭാവങ്ങളെ തരളീകരിച്ച് അവരുടെ ഹൃദയങ്ങളെ സാത്വികങ്ങളാക്കിത്തീക്കുതിന്നു് ഇമ്മാതിരിയുള്ള കവിതകളാണ് അത്യാവശ്യങ്ങളായിരിക്കുന്നതു്. ഉത്തിഷ്ഠമാനനായ ഈ യുവകവി ഏതാദൃശങ്ങളായ കവനങ്ങൾ ധാരാളം വിരചിച്ചു ഭാഷയേ പോഷിപ്പിക്കുകയും, ഭൂഷിപ്പിക്കുകയും ചെയ്യുന്നതിനു സർവ്വശക്തനായ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാവട്ടേ!

മിസ്റ്റർ കുഞ്ഞുണ്ണിനമ്പീശൻെറ കവിതയെ "സഹൃദയന്മാരായ വായനക്കാക്കു പ്രത്യേകം പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല, അതുകൊണ്ടു സാഹിത്യരംഗത്തിൽ പല വേഷത്തിലും 'ചൊല്ലിയാട്ടം' കഴിച്ചിട്ടുള്ള അതിന് ഇപ്പോഴത്തേ ഈ പുതിയ വേഷത്തിൽ വീണ്ടും രംഗപ്രവേശം ചെയ്യുന്നതിൽ ഒരു തിരശ്ശീല പിടുത്തക്കാരനുള്ള ജോലി മാത്രമേ എനിക്കിവിടെ നടത്തുവാനുള്ളു. മഹാജനങ്ങൾ "മുക്താവലി" എന്ന ഈ കവനകൃതിയെ കൌതുകപൂർവ്വകം സ്വാഗതം ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതിനെ ഇതാ അവരുടെ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പട്ടാമ്പി
1—10—24 വിദ്വാൻ സി. എസ്സ്. നായർ.

——

# വിഷയവിവരം


| | | |
|---|---|---|
| 1. | മംഗളഗാഥ | 1 |
| 2. | ഞാൻ കൃതാർത്ഥനായി | 2 |
| 3. | ചന്ദ്രക്കല | 4 |
| 4. | നക്ഷത്രങ്ങൾ | 5 |
| 5. | ഞാൻ സ്വതന്ത്രനായി | 7 |
| 6. | ഒരു ദുരവസ്ഥ | 9 |
| 7. | കാർമുകിൽ മൂടിയ പൂന്തിങ്കൾ | 14 |
| 8. | ആരാമത്തിൽവെച്ച് | 15 |
| 9. | കണ്ണുകാണാത്ത കുട്ടി | 17 |
| 10. | മാഞ്ഞുപോയ തിലകം | 18 |
| 11. | പ്രണയലഹരി | 21 |
| 12. | പ്രേമാഞ്ജലി | 23 |
| 13. | അഭിനവപ്രഹ്ലാദൻ | 24 |
| 14. | വിശ്രമിക്കട്ടെ | 28 |
| 15. | കെട്ടുക കെട്ടുക | 29 |
| 16. | വാടിയ മുല്ല | 30 |
| 17. | മാതൃഭാഷാഗാഥ | 32 |
| 18. | മാതൃഭക്തി | 34 |
| 19. | ഋഗ്വേദത്തിലെ ഉഷസ്സ് | 35 |
| 20. | പ്രാർത്ഥന | 36 |

VERSITY LIBRA
APR. 1929
DRAS

# മുക്താവലി

## മംഗളഗാഥ

ധർമ്മരക്ഷാർത്ഥമായ് സ്വാർത്ഥത്യാഗംചെയ്തു
കർമ്മയോഗമനുഷ്ഠിപ്പതാരോ;
"സത്യഗീത"യുപദേശിച്ചു ലോകർക്കു
കൃത്യബോധമുയർത്തുന്നതാരോ;

പാവനമാം പള്ളിശ്ശംഖമന്ത്രധ്വാനം
പാരിടത്തിൽ മുഴക്കുന്നതാരോ;
അക്രമമെന്യേ ജഗദ്രക്ഷ ചെയ്യും തൃ-
"ച്ചക്രം" ധരിച്ചരുളുന്നതാരോ;

മാറിൽച്ചവിട്ടുകിലായതും ഭൂഷണ-
മായിക്കരുതിസ്സഹിപ്പതാരോ;
സർവ്വഭൂതങ്ങളെത്തന്നെയും സസ്നേഹം
സർവ്വദാ തന്നേപ്പോൽ കാണ്മതാരോ;

അക്രമത്തോടുമസത്യത്തോടുമാത്മ-
വിക്രമം കാണിച്ചുകൊൾവതാരോ;
അ"മ്മഹാത്മാവാം" "മധുദ്വേഷി" നമ്മൾക്കു
സന്മംഗളം സദാ നൽകീടട്ടേ!!

വന്ദേ മാതരമ്!

## ഞാൻ കൃതാർത്ഥനായി!

(കേക)

ഓമലേ! ഭവതിതൻ നിഷ്കളങ്കമായീടും
പ്രേമത്തെത്തിരഞ്ഞതിനേതുമില്ലവസാനം.
പൂവല്ലിതോറും ചെന്നു നർത്തനമാടിയാടി-
പ്പൂമണം പൂശിപ്പോകും തെന്നലിൻപിന്നാലെയും,
മാകന്ദമകരന്ദമുണ്ടു കോകിലജാല-
മാകുലഹീനം പാടും പാട്ടിന്റെ പിന്നാലെയും,
ഓമലേ! ഭവതിതൻ നിഷ്കളങ്കമായീടും
പ്രേമത്തെത്തിരഞ്ഞു ഞാൻ വളരേ നടകൊണ്ടു.
നീരദപാളികളെപ്പാലൊളിപ്പൂനിലാവിൽ
നീരാടിപ്പിച്ചുകൊള്ളും പാർവ്വണചന്ദ്രനിലും,
വ്യോമത്തിൽ വിളങ്ങുന്ന വാർമഴവില്ലിങ്കലു-
മോമൽത്തൂമണം തൂകും കോമളപുഷ്പത്തിലും,
ഓമലേ! ഭവതിതൻ നിഷ്കളങ്കമായീടും
പ്രേമത്തെത്തിരഞ്ഞു ഞാൻ വളരേ നോക്കിനിന്നു.
കണ്ടതില്ലതിലൊന്നും താവകപ്രേമമെന്നു-
കണ്ട,തിനിരാശനായ് കുണ്ഠിതഭാവത്തോടേ
ഹന്ത! മദചിന്താരംപോലന്തമില്ലാതെഴുന്നോ-
രന്തരീക്ഷത്തെ നോക്കിക്കിടന്നീടുമന്നേരം,
കൌമാരത്തിങ്കലെന്റെ ലീലാസങ്കേതമാകും
കോമളമായീടുന്നോരുദ്യാനഭൂവിൽനിന്നും

ഒരു തൈത്തെന്നലെത്തി മാമകമനോരാജ്യ-
മരുഭൂമിയിൽക്കുളിർ വലുംമാറു വീശി;
ദിവ്യമാം സംഗീതമൊന്നായതിലൂടേ വന്നി-
ട്ടവ്യയാനന്ദാമൃതമെൻചെവികളിൽ തൂകി;
പെട്ടെന്നു മഹത്താകുമേതോ ശക്തിവന്നെന്നേ-
ത്തൊട്ടതുപോലെ തോന്നീ; ഞാനുമത്തോപ്പിലെത്തി;
ആശ്ചര്യത്തോടും ചുറ്റും നോക്കിയനേരമാർന്നോ-
രാനന്ദമെന്തു ചൊല്ലാം:- കോൾമയിർക്കൊള്ളുന്നു മേ.
ശ്രീലമാമാസ്ഥലത്തു ബാല്യകാലത്തിലീ നാം
ചാലവേ പ്രതിഷ്ഠിച്ചോം "ഇലഞ്ഞി" ദ്രുമത്തിൻെറ
വെണ്ണക്കൽത്തറതന്മേലാനന്ദമാക്കുമേകം-
വണ്ണം ശോഭിക്കും പ്രഭാമണ്ഡലത്തിൻെറമദ്ധ്യേ
അത്യന്തമേതോ ഞാനാശിച്ചി; താദൃശ്യവസ്തു
പ്രത്യക്ഷമായിട്ടിരുന്നരുളുന്നതായ് കണ്ടു!
ഓമലേ! ഭവതിതൻ നിഷ്കളങ്കമായിട്ടും
പ്രേമത്തെക്കാൺകമൂലമിന്നു "ഞാൻകൃതാർത്ഥനായ്".

## ചന്ദ്രക്കല

(മഞ്ജരി)

അന്തരീക്ഷത്തിലേയ്ക്കെൻ കരവല്ലിക-
ളെന്തിനു ഹന്ത! ഞാൻ നീട്ടീടുന്നു?
വെൺകതിർ വീശി വിലസുമീയോമന-
ത്തിങ്കൾക്കലയെപ്പുണരുവാനോ?
മാനമാർന്നുള്ളൊരീയമ്പിളിക്കീറെങ്ങു;
ഞാനെങ്ങാ;ണന്തരമെത്രമാത്രം!
നൂനമെനിയ്ക്കിതു കേവലം ദുസ്സാധം;
ഞാനത്ര ഭാഗ്യവാനല്ലയല്ലോ.
കോമളമാകുമിച്ചന്ദ്രക്കലയ്ക്കെഴും
പ്രേമാമൃതരസം നാളുതോറും
കാമം നുകർന്നു രസിച്ചുവസിച്ചീടു-
മോമൽച്ചകോരംതാൻ ധന്യധന്യൻ!
ദീർഘമാം നോട്ടത്തസ്സാകൂതം ഞാനിതിൻ-
നേർക്കയച്ചിട്ടെന്തു കാര്യമുള്ളു!
എന്നാശാവല്ലിയേപ്പൂക്കളണിയിച്ചീ-
ടുന്ന സദ്ഭാസന്തലക്ഷ്മിയെങ്ങോ!

* * * *

താരകളോടൊത്തു പുഞ്ചിരിപ്പാൽ തൂകി
സ്വൈരം വസിച്ചാലും തിങ്കൾക്കലേ!
വിണ്ണിൽ വിളങ്ങുന്ന നിന്നെക്കണ്ടെന്നുമേ
കണ്ണീരൊഴുക്കി ഞാൻ വാണുകൊള്ളാം!

## നക്ഷത്രങ്ങൾ

ഗഗനത്തിങ്കലെന്തൊന്നു
വിലസുന്നു വിമോഹനം;
അമ്മയാം പ്രകൃതിക്കുള്ളാ-
പ്രേമാമൃതകണങ്ങളോ! ൧

ധരണീറാണിതൻ നീലാം-
ബരച്ഛത്രമതല്ലിയിൽ
ഭംഗിയിൽ തൂങ്ങി മിന്നുന്ന
പൊന്നലുക്കുകളാകുമോ! ൨

വാനാകുമാഴിയിൽക്കാല-
ത്തിര തല്ലിത്തകർക്കവേ,
ചിന്നിമിന്നിപ്പരക്കുന്ന
വെൺനുരക്കൂട്ടമാകുമോ! ൩

ലോകതത്വങ്ങളെത്തങ്ക-
ലിപിയിൽ ജഗദീശ്വരൻ
നീലാംബരപ്പലകമേൽ
പരസ്യം ചെയ്തിരിക്കയോ! ൪

കാലമാം ജ്യോത്സ്യനീ ലോക-
ഗതിഭേദം ഗണിക്കുവാൻ
വാനാം പായിൽപ്പരത്തുന്ന
കവിടിക്കൂട്ടമാകുമോ! ൫

ആമ്പൽക്കണവനോടെന്തോ
കോപിച്ചു രജനീവധു
ഹാരം പൊട്ടിക്കളവെ ചിന്നും
കുളുർമുത്തുകൾതന്നെയോ! ൩

അതല്ല,ധികദൂരത്തു
മിന്നും ഗോളങ്ങളാണിവ;
അത്രേ; താരങ്ങൾ; അച്ഛന്റെ
കിടാങ്ങൾ! മമ സോദരർ! ൪

വിണ്ണിന്നലങ്കാരമായി,-
കണ്ണിന്നു കുളിർ ചേർപ്പതായ്;
വിളങ്ങുമിദ്ദിവ്യതേജഃ—
കന്ദളങ്ങൾക്കു വന്ദനം!! ൫

ശുഭം.

# ഞാൻ സ്വതന്ത്രനായി

(മഞ്ജരി)

---

അന്നു പടിഞ്ഞാറുനിന്നു വന്നവരെല്ലാരു-
മെന്നു "ലാമോദ"മെനിക്കു നൽകി.
അക്കാറ്റിലൊട്ടു തലയാട്ടി പൌരസ്ത്യ-
ദിക്കിലെപ്പുണ്യതരുക്കൾപോലും!
ആശ്ചര്യമാണ്ടു ഞാൻ കണ്ണും കരളുമ-
പ്പാശ്ചാത്യദിക്കിലേയ്ക്കൊന്നു വിട്ടു!
അന്നേരമേതോ പ്രകാശമവിടത്തിൽ
ചിന്നിപ്പരക്കുന്നതായിക്കണ്ടു.
മന്ദമതു കിഴക്കോട്ടെങ്ങും വ്യാപിച്ചി-
ട്ടൊന്നു തെളിഞ്ഞു ഞെളിഞ്ഞു ഞാനും!

കണ്ണിമച്ചീടാതെ വീണ്ടുമേ നോക്കവേ
കണ്ടു ഞാനെന്തൊരു ഭാവഭേദം!
ദീപ്രമാം തേജസ്സു കാണാതെയായി; ഹാ!
ക്ഷിപ്രമെങ്ങും പുക പാഞ്ഞു കേറി!
അല്ലാ, പ്രമാദം:—അതെന്നാലും ശോഭയു-
മെല്ലാം വെറും "വെള്ള"പ്പൂച്ചുതാനോ?
മായമറിയാതെ ഞാനുമവറ്റിനെ
മാനിച്ചുപോയല്ലോ; കാലദോഷം!
അന്തമില്ലാതെഴുമന്ധകാരാബ്ധിയി-
ലാണ്ടുപോയ് ഭാരതപുണ്യക്ഷേത്രം!!

കഷ്ടം! നരരക്തമൂററിക്കുടിച്ചിടുന്ന
ദുഷ്ടജന്തുക്കൾ പുളച്ചുനില്പ്പായ്
വമ്പിച്ച സംഭ്രമഭീതികളാലുടൻ
കമ്പിതമായി മദീയഗാത്രം!
പിന്നെ ഞാനേതൊരു പാതാളക്കുണ്ടിലാ
ച്ചെന്നു വീണയ്യോ! മയങ്ങിപ്പോയി!

കാലചക്രം തെല്ലിളകി; ജഗത്തിന്റെ
കോലവും തൽക്ഷണമൊന്നു മാറി;
ഘോരമായുള്ള നിശീഥം കഴിഞ്ഞുപോയ്!
പാരം പ്രഭാതാഭയുല്ലസിച്ചു;
പള്ളിശ്ശംഖിന്റെ സ്വാതന്ത്ര്യനിനാദമി-
പ്പുണ്യക്ഷേത്രത്തിൽ മുഴങ്ങിയെങ്ങും.
മന്ദമുണർന്നു ഞാ;നെൻ കണ്ണു രണ്ടുമേ
മങ്ങൽവിട്ടേററവുമുജ്ജ്വലിച്ചു!
നവ്യമാം ചൈതന്യമൊന്നെൻ മനസ്സിനെ-
ബ്ഭവ്യതരളിതമാക്കിത്തീർത്തു!
അന്നേരം പൌരസ്ത്യദേശം ലസൽ"കാന്തി"-
കന്ദളിതമായ് തെളിഞ്ഞുകാണായ്!
വെൺ"കതിർ"ത്തലുകളംബര"ചക്ര"ത്തിൽ-
നിന്നുമുയർന്നു പരന്നു നീളേ;
സുപ്രഭാതത്തിലെ"ച്ചിത്തരഞ്ജന"മാ-
മി"പ്രകാശ"ത്തിൻ നവോദയത്തെ
ജാതാദരം ബഹുമാനിച്ചിതു ലോകം
ജാതിമതാദിവിഭേദമെന്യേ.

ശ്രീമൽ "സരോജിനി" താനും തെളിവാർന്നു
കോമള "ഗോപ്രസര"ങ്ങൾ വീശി;
ഞാനുമദ്ദിവ്യമാം കാഴ്ചകൾ കണ്ടുക-
ണ്ടാനന്ദപ്പൊയ്കയിലാണ്ടുപോയീ!
എന്നുടെ ജീവിതം പാവിത്രമായി; ഞാ-
നന്നുമുതൽക്കേ "സ്വതന്ത്രനായീ"!!

## ഒരു ദുരവസ്ഥ

ദിവാകരൻ വാരുണിയെ "സ്സരാഗം"
പുണർന്നു ഹാ! തന്നെ വെടിഞ്ഞമൂലം
നിരാശയായ് വാസരലക്ഷ്മി, കാല-
കല്ലോലജാലത്തിനകം മറഞ്ഞു.

അന്തിച്ചുവപ്പേന്തിവിളങ്ങിടുന്ന
മനോജ്ഞമാമംബരമാർന്നു ഭംഗ്യാ
സന്ധ്യാവധൂടീമണി നൃത്തമാടി-
ക്കഴിഞ്ഞു; ലോകം ബഹുശാന്തമായീ.

പാലാഴിവെള്ളം വിലസുംവിധം വെ-
ണ്ണിലാവു ഭൂവാകെയലങ്കരിപ്പൂ!
വല്ലീമതല്ലീതതിയൊന്നിളക്കി-
ട്ടിളംകുളിർക്കാററിളയിൽക്കളിപ്പൂ!

ഈവണ്ണമീരാവു നിസർഗ്ഗരമ്യ-
ഭാവം കലർന്നെത്രയുമുല്ലസിക്കേ,

ഒരാററപക്കിൽ കുളിർസൈകതത്തി-
ലൊരുത്തി മൌനത്തോടിരുന്നിടുന്നു. ൪

മനംമയക്കുന്ന മണൽപ്പുറത്ത-
ന്നവൾക്കെഴും കോമളമായ ഗാത്രം
ശരന്നഭസ്സിൽ തെളിവാൎന്നു മിന്നും
ചന്ദ്രക്കലെക്കുള്ളൊരു കാന്തിയേകി. ൫

തികഞ്ഞ ലാവണ്യവുമുത്തമശ്രീ-
യെഴുന്ന താരുണ്യവുമൊന്നുപോലെ
ഇത്തന്വിയിൽച്ചേൎന്നു ലസിച്ചു, വല്ലി-
മേലങ്ങു താരും തളിരും കണക്കെ. ൬

എന്നാലുമാലസ്യമിയന്നു വാടി-
ത്തളൎന്നൊരത്താൎമിഴിതൻ മുഖാബ്ജം,
എന്തോ സഹിപ്പാനരുതാത്ത താപ-
മുണ്ടെന്നു ചൊല്ലുന്നതുപോലെ തോന്നും. ൭

വൈലത്തുവെച്ചുള്ള വിളക്കുപോലെ,
കാർമൂടി നില്ക്കും ശശിലേഖപോലേ,
ശോകത്തിലാണ്ടായവളാഭമങ്ങി-
യിരിപ്പതോൎത്താൽ കരളും കത്തുമാക്കും. ൮

വൈവശ്യമേതാണ്ടതിയായ്സ്ഫുരിക്കു-
മോമന്മുഖം തെല്ലു കുനിച്ചുവെച്ചും,
കാർകൊണ്ടലിൻ കാന്തികലൎന്നു മിന്നും
വാർകുന്തളം ചിന്നിച്ചിതറിക്കിടന്നും, ൯

ശൃംഗാരലക്ഷ്മീമണിദർപ്പണംപോൽ-
ത്തിളങ്ങുമച്ചാരുകവിൾത്തടങ്ങൾ
കവിഞ്ഞ കണ്ണീർക്കറ പററി മുററും
മാലിന്യമേററം തരളാഭയററും; ൪൦

മാറോടണഞ്ഞേക്കളിർപുഞ്ചിരിപ്പൂ-
നിലാവൊഴുകുന്ന കിടാവുതന്നെ
തളർന്ന തൻകണ്ണുകളാലിടയ്ക്കൊ-
ന്നീക്ഷിച്ചു;മേററം നെടുവീർപ്പയച്ചും; ൪൧

എന്തോ വിചാരത്തൊടുമീവിധത്തി-
ലത്തന്വിയാളല്പമിരുന്നശേഷം
മനസ്സിലാളിപ്പടരുന്ന ശോക-
ത്തിന്മേൽക്കവിയ്യാഞ്ഞു കരഞ്ഞു പാവം:- ൪൨
(കലാപകം)

"ഹാ! ഹന്ത! മജ്ജീവിതനാഥ, ഭർത്തൃ-
നിലയ്ക്കു ഞാനങ്ങയെ വിശ്വസിച്ചു;
അങ്ങെന്നെ—യിസ്സാദ്ധ്വിയെ—നിർദ്ദയം കൈ-
വെടിഞ്ഞു വേശ്യാംഗനയെക്കണക്കേ. ൪൩

അന്യോന്യരാഗത്തൊടു മുന്നമീ നാം
നിഗൂഢമായ് വേഴ്ചതുടർന്നനാളിൽ
എന്നെറബ്ഭൂവാൻ ധർമ്മവധൂപദത്തിൽ
വാഴിക്കുമെന്നോതിയതും മറന്നോ? ൪൪

ഇസ്സാധുവാം പെണ്ണിനെയങ്ങു ദൂരെ
ത്യജിച്ച വെന്നാലതിലില്ല ഖേദം;

ന്റുദ്യോമനക്കുഞ്ഞിന്റ താതനങ്ങു-
ന്നല്ലാതെയായ് വന്നതുതാനസഹ്യം! ൮൫

പ്രേമത്തൊടും മറെറാരു ഭാൎയ്യയൊത്തു
മൽപ്രാണബന്ധോ! ശുഭമോൎന്നു വാഴ്ക;
അങ്ങേയ്ക്കു ഞാനന്യനൊടൊത്തുചേൎന്നു
കാണ്മാൻ പ്രയാസം! തുലയട്ടെ ജന്മം!! ൮൬

"പുറത്തു പോ പുംശ്ചലി"യെന്നു ചൊല്ലി-
ബ്ബന്ധുക്കളെല്ലാമിവളേ വെടിഞ്ഞു;
ഹന്നല്ലഹോ! താതനെഴാത്തൊരോമൽ-
ക്കുഞ്ഞിന്നു പെററമ്മയുമായി ഞാനും! ൮൭

പ്രതിജ്ഞ ചെയ്യാം:—ഇവൾ നിന്ദ്യയല്ല;
കുലീനയാണ്; എങ്കിലുമെന്തു കാൎയ്യം?
വരില്ല വിശ്വാസമിതിങ്കലാൎക്കും:
ജഗത്തിലിന്നാരറിയുന്നു സത്യം? ൮൮

മനസ്സുകൊണ്ടാരെ നിനച്ചു മുന്നം,-
മപ്പുരുഷശ്രേഷ്ഠനെയെന്നിയേ ഞാൻ
വരിച്ചതില്ലാരെയും; എങ്കിലും, ദു-
ഷ്കൃതത്തിനാൽ സജ്ജനഗൎഹ്യയായീ! ൮൯

തൊഴിച്ചു ഞാനെന്നതിനു മറെറാരാളെ-
പ്പുഴിച്ചുചൊല്ലുന്നു വൃഥൈവ കഷ്ടം!
മൽപ്പൂൎവ്വജന്മാൎജ്ജിതഘോരപാപ-
വിപാകമെന്നേ കരുതേണ്ടതുള്ളു. ൯൦

മനോജ്ഞമാകും മലർവാടിയെന്നു
നിനച്ചു ഞാനെന്നുടെ ജീവിതത്തെ;
അത്യുഗ്രസന്താപമടിച്ചുകൂടിച്ചു
വളർത്തിടും വൻമരുഭൂമിയായി. ൨൭

ജഗൽപ്പിതാവേ! നരകാഭമാമീ-
ജ്ജഗത്തിൽ വാസം മമ വേണ്ട മേലിൽ;
ദയാർദ്ര! ഞാനിന്നു ഭവൽപദാബ്ജം
ഭജിച്ചു കൈവല്യമണഞ്ഞിടട്ടേ! ൨൮

നിസ്സാരമാമീയുലകത്തിലേവം
കിടന്നു പാരം വലയുന്ന ഹൃത്തേ!
കാണുന്നിതാ! പാവനമായ ദിവ്യ-
തേജസ്സ്; അതിൽ ചെന്നു ലയിച്ചുകൊൾക". ൨൯

ഇവണ്ണമോതിസ്സതി മാറിലോമൽ-
ക്കുമാരനെച്ചേർത്തുടനാറ്റിലേയ്ക്കായ്
കുതിച്ചു ചാടീ; ക്ഷണമെട്ടുപത്തു
നീർപ്പോളപൊങ്ങീ: കഥയും കഴിഞ്ഞു! ൩൦

* * * *

അസഹ്യമാമീ "ദുരവസ്ഥ" കണ്ടും
ശശാങ്ക! നീ പുഞ്ചിരി തൂകിടുന്നു!
അന്യന്റെയാപത്തണയുന്നനേരം
"ദോഷാകര"ന്മാർക്കു രസിക്കുമല്ലോ. ൩൧

## കാർമുകിൽ മൂടിയ പൂന്തിങ്കൾ

(മഞ്ജരി)

---

ശാന്തമാമന്തരീക്ഷത്തിലിരുന്നു സൽ-
"കാന്തി"വിലാസം പരത്തി നീളേ,
നിത്യം "കുവലയോല്ലാസ"മേകീടുമീ-
നിർമ്മലനാം "ദ്വിജരാജ"നേയും,
കഷ്ടം! കരാളമാം കർക്കടകക്കാർമേഘം
പെട്ടെന്നു വന്നിതാ! "തീണ്ടി"യല്ലോ.
പാരിച്ച കൂരിരുൾച്ചാർത്തിനാൽപ്പാരിടം
പാഴ്മഷി തേച്ചപോലായിത്തീർന്നു!
"സൽപ്പഥ"സഞ്ചാരികൾക്കുമേവം വിപ-
ത്തേൽപ്പൂ; ഹാ! ദുർവ്വിധിവൈപരീത്യം!!

എന്തിനായ്ക്കൊണ്ടു പടിഞ്ഞാൻകാറേ, നീ
പൂന്തിങ്കളെക്കടന്നാക്രമിച്ചു?
ഉന്നത"ലോകമാന്യ"സ്ഥാനമാർന്നതോ,
വന്ദ്യനി"സ്സന്മതി"യ്ക്കുള്ള കുറ്റം!
സ്വന്തമാം വാഴ്ചയെഴുന്നൊരിക്കാലത്തി-
ലെന്തെങ്കിലും കാട്ടിക്കൊള്ളാമെന്നോ?
അല്ലെങ്കിൽ, നിന്നേപ്പോലുള്ള"ജലാത്മാ"ക്കൾ-
ക്കക്രമമെന്തെന്തു ചെയ്തുകൂടാ!

കാർമുകിൽ മൂടിയ പൂന്തിങ്കളേക്കണ്ടി-
ട്ടാമയംതേടൊല്ലേ ലോകമേ, നീ.

കാർമേഘദൂഷിതമാകാശം ശാരദ-
കാന്തിയാൽബ്ഭാസുരമായിടുമ്പോൾ
ഉച്ചമാകുമീ "ത്തടവ" കന്നിത്തിങ്കൾ
സ്വച്ഛന്ദം വിണ്ണിൽ വിളങ്ങുമല്ലോ.
കാർമുകിൽ മൂടിയ പൂന്തിങ്കളേക്കണ്ടി-
ട്ടാമയം തേടൊല്ല ലോകമേ, നീ.

---

## ആരാമത്തിൽവെച്ച്

---

ഉഗ്രാതപോഷ്മാവു കുറഞ്ഞു; നീളെ
പ്രശാന്തതേജഃപ്രസരം വിളങ്ങീ;
മരുസ്ഥലംവിട്ടു മനം മയക്കും
പാൽപ്പൊയ്കയിൽച്ചെന്നു കുളിച്ച ലോകം! ൧

മന്ദാനിലാന്ദോളിതമാമരങ്ങ-
ളുല്ലാസമായ് മർമ്മരധാര തൂകി;
ഇളംകുളിർപ്പൈങ്കിളിവൃന്ദമെങ്ങും
കളോല്ലസൽഗ്ഗീതരസം പൊഴിച്ചു; ൨

ഈ രമ്യസായന്തനവേളയിങ്ക-
ലാരാമഭൂവൊന്നിലിരുന്നു ഞങ്ങൾ
ചിരായ സമ്പ്രാർത്ഥിതലബ്ധവീക്ഷാ-
സുഖത്തിനായ് സ്വാഗതമോതിയാദ്യം; ൩

സ്നേഹാർദ്രരീഞങ്ങൾ വിലോലനേത്ര-
നീലാംബുജാതപ്രസവങ്ങളാലേ

രണ്ടാളിലും ചേർന്നരുളുന്ന ദിവ്യ-
പ്രേമത്തെയാരാധനചെയ്തിരുന്നു. ൫

ക്രമേണ മന്ദാക്ഷഘനങ്ങൾ നീങ്ങി-
ത്തെളിഞ്ഞു ചാരം ഹൃദയാന്തരീക്ഷം;
മുഖേന്ദുവോമൽക്കുളുർശോഭകൾ തൂകി;
പ്രേമാബ്ധി വേലാതിഗമായുയർന്നു; ൬

മനോജ്ഞമാം രണ്ടു മൃണാളനാളം
മൽക്കണ്ഠദേശത്തിലണഞ്ഞു രമ്യം;
അശ്ലിഷ്ടബാലദ്രുമസുപ്രവാള-
മെന്നോമനച്ചുണ്ടുകളോടിണങ്ങി; ൭

ഞങ്ങൾക്കെഴും മാനസമാം സരസ്സി-
ലാനന്ദമാകും കളരാജഹംസം
നീന്തിക്കളിച്ചു:— ചരിതാർത്ഥയായി-
ക്കഴിഞ്ഞു ഗാന്ധർവ്വവിവാഹലക്ഷ്മി! ൮

# കണ്ണുകാണാത്ത കുട്ടി

## ഒരനുകരണം

(കേക)

---

സകലജനങ്ങളും "വെളിച്ച"മെന്നു ചൊല്ലി-
സ്സരസം പുകഴ്ത്തുന്ന ദിവ്യമാം വസ്തുവെന്തോ?
ദൈവമായതിൻഗുണമറിഞ്ഞീടുവാനുമി-
പ്പാവമാമെനിയ്ക്കൊട്ടും സമ്മതമരുളീല.
എന്താണു കാഴ്ചയെന്നാൽ മാഹാത്മ്യമുള്ളതെന്നീ-
യന്ധനായീടും ചെറുബാലനോടോതേണമേ!
മോഹനപദാർത്ഥങ്ങൾ പലതും കാണ്മതായി-
ട്ടാഹന്ത! പലപ്പോഴും പറയുന്നുണ്ടു നിങ്ങൾ;
മിന്നുന്ന പൊന്നുപോലെച്ചെങ്കതിരൊളി നീളെ-
ച്ചിന്നുന്നു ദിനകരനെന്നുമോതുന്നു നിങ്ങൾ;
എത്രയും ചൂടുറ്റതാണായവനെഴും തേജ-
സ്സിത്രമാത്രമല്ലാതെ ഞാനൊന്നുമറിവീലാ.
പകലും പിന്നെ രാവുമെന്നുള്ള വകഭേദം
ലരുത്തീടുവാനച്ഛനെങ്ങിനേ ശക്തനാകും?
സദ്രസം കളിക്കുമ്പോളെനിക്കു സുദിനമാം;
ഭദ്രമായുറങ്ങുമ്പോളെനിക്കു രാത്രികാലം;
പകലുമിരവെന്നും ഭേദം കല്പിപ്പതെൻറ-
വകയാണതി,ലന്യന്നില്ല കർത്തൃതാലേശം.
സന്തതം ജാഗരൂകനായിരുന്നീടാമെങ്കി-
ലന്തമില്ലാത്ത കാലം പകലെന്നറിഞ്ഞീടാം.

നിങ്ങളെന്നുടെ ഭാഗ്യമില്ലായ്മയോർത്തു ദീർഘ-
നിശ്വാസം പൂണ്ടെന്തിനു കണ്ണുനീർ പൊഴിക്കുന്നു?
എന്നാലുമെനിക്കറിഞ്ഞീടുവാൻ വയ്യാത്തുള്ളോ-
രന്നഷ്ടം സ്വയമേവ സഹിച്ചുകൊൾവനീ ഞാൻ.
അസാദ്ധ്യവിഷയത്തിലാഗ്രഹിച്ചു ഞാൻ മനഃ-
പ്രസാദം കളയുന്നതെന്തിനു? വൃഥാ! കഷ്ടം!"
സന്തതമലിഞ്ഞേവം പാടുമ്പോളിബ്ബാലക-
നന്ധനാണെന്നാകിലും ജ്ഞാനിയാം പുരുഷാഗ്ര്യൻ!

---

## മാഞ്ഞുപോയ തിലകം

---

ഹതമീലോകം! ഉൽകൃഷ്ട-
ഗുണമാർന്നുള്ള മാന്യരും
അകാലമൃത്യുവക്ത്രത്തിൽ-
പ്പെട്ടുപോകുന്നു കഷ്ടമേ! ൧

ജഗത്താകെ നശിപ്പിപ്പാ-
തൊരുമ്പെട്ടുള്ള ദുർവ്വിധേ!
ഏതു വൻകോട്ടയും തട്ടി-
ത്തകർക്കാൻ ശക്തനാണു നീ. ൨

മേൽക്കുമേലേവമാപത്തി-
ങ്ങേൽക്കുകിൽ ചെയ്യുവതെന്തു നാം?
തൊഴിക്കാം; മിഴിനീരെന്നും
പൊഴിക്കാം; അതുതാൻ ഗതി. ൩

UNIVERSITY LIBRARY 9 APR. 41 MADRAS

ഞങ്ങൾ സാധുക്കളെപ്പിന്നനു
സങ്കടപ്പെട്ടുഴന്നിടാം;
ആനന്ദമാൎന്നു നീ നിത്യം
നൃത്തം ചെയ്യുക ദ്വിജേ! ൪

അമ്മതൻ പാരതന്ത്ര്യത്തെ-
ക്കണ്ടതിൻ മോചനത്തിനായ്
അഹൎന്നിശം പ്രയത്നിക്കും
സ്വരാജ്യോൽക്കൎഷതൽപരൻ; ൫

കളങ്കഹീനമായ് പുണ്യ-
ത്തികവാൎന്നുള്ള ജീവിതം
നമ്മൾക്കു നന്മയ്ക്കായ് ത്തന്നെ
വിനിയോഗിക്കുമുത്തമൻ; ൬

"വന്ദേമാതര"മെന്നുള്ള
മന്ത്രം പഞ്ചാക്ഷരാത്മകം
സ്വാതന്ത്ര്യസിദ്ധിക്കെപ്പോഴും
ജപിക്കും താപസോത്തമൻ; ൭

അമ്മതന്നോമനപ്പൈതൽ-
ലിയ്യുള്ളോൎക്കേകദൈവതം;
അധൎമ്മവിഷവൃക്ഷത്തിൻ
വേരറുക്കുന്ന വെണ്മഴു; ൮

വിദേശവീരമകുടീ-
തടസ്ഥലസന്മണി;

ബാലഗംഗാധരൻ—ശേഷ-
മിവനോർത്തുന്നതെങ്ങിനേ? ൩൯

താപാത്തരാം നമുക്കെന്നും
തണലേകുമൊരാശ്രമം
ഉഷ്ണാതപാത്യയാലയ്യോ!
മുരടററ മറിഞ്ഞുപോയ്! ൪൦

ഹന്ത! ഭാരതമാതാവിൻ-
കാന്തമാം തിരുനെററിയിൽ
ജ്വലൽപ്രഭം തിളങ്ങുന്ന
"തിലകം" തീരെ മാഞ്ഞുപോയ്! ൪൧

"സർവ്വജ്ഞൻ", "സുമന"സ്സ്തോമ-
സേവ്യൻ, "ഭൂത"ദയാപരൻ,
"ഗംഗാധരൻ" കൃതാന്തന്റെ
കയ്യിലാപ്പെട്ടതൽഭുതം! ൪൨

വിണ്ണിലാർന്നു വിളങ്ങുന്നാ-
പ്പണ്ഡിതന്റെ ഗുണങ്ങളെ
കണ്ണിൽക്കണ്ണീരൊഴുക്കിക്കൊ-
ണ്ടെണ്ണിയാൽ ഫലമെന്തിനി! ൪൩

അമ്മേ! ഭവതിതൻശോക-
ശാന്തിയ്ക്കായുസ്സുപോംവരേ
തുനിഞ്ഞൊരാധന്യനെത്താൻ
ധ്യാനിപ്പൂ! ഞങ്ങളെപ്പൊഴും. ൪൪

മാതാവിൻ പാദശുശ്രൂഷാ-
പുണ്യമാർജ്ജിച്ച കൈകളാൽ
അങ്ങുന്നനുഗ്രഹിച്ചീടി-
ലടിയങ്ങൾ കൃതാർത്ഥരായ്! ൧൫

---

# പ്രണയലഹരി

(മഞ്ജരി)

---

## I

ഓമന്മുഖാബ്ജത്തിലേയ്ക്കു ഞാനല്പമൽ-
പ്രേമത്താൽക്കണ്ണിണ നീട്ടുംനേരം,
കോൾമയിർക്കൊണ്ടു നീയോമലേ! തെറ്റെന്നു
കോമളാസ്യത്തിനെത്താഴ്ത്തീടുന്നു;
സല്ലാപവേളയിലൊന്നുമേ മിണ്ടാതേ
സല്ലീലം സ്വീയകരാഞ്ചലത്തിൽ
മിന്നുമിളംപനീർവൂവിനേ നോക്കി നീ
കുന്ദമന്ദസ്മിതം തൂകിനില്പൂ;
തങ്കമേ! നിന്മൃദുപ്പൂമേനിപുൽകുവാ-
നെൻകരവല്ലികൾ നീളുംനേരം,
വ്രീളാവൈവശ്യം നടിച്ചു നീ മൽബാഹു-
നാളത്തെത്തട്ടിയൊഴിഞ്ഞീടുന്നു;
എന്നാലും മാമകമാനസമാനന്ദ-
കന്ദളിതമായ്ച്ചമഞ്ഞീടുന്നു;

പാറമേൽക്കല്ലോലം ചെന്നലച്ചീടിലും
പാരം പളുങ്കുകൾ ചിന്നുമല്ലോ.
മുഗ്ദ്ധേ! നീ വൈലോമ്യഭാവ്യം നടിയ്ക്കിലു-
മുത്തമപ്രേമരസാർദ്രയല്ലേ?

## II

വാസന്തീപ്പൂമണമെങ്ങും പരക്കമീ-
വാസന്തരാവു കഴിയുംമുമ്പേ,
ഓമനേ! മന്ദാക്ഷമേഘനിർമ്മുക്തനായ്
പ്രേമപ്പൂന്തിങ്കൾ തെളിഞ്ഞീടട്ടേ!
ബാലേ! നീ ഹേമാംബുജത്തെ മറയ്ക്കുന്ന-
നീലശൈവാലത്തെയൊന്നു മാററൂ;
പ്രേമരസം തുളുമ്പീടും കുവലയ-
ത്തൂമലർമാലകളെന്നിൽച്ചേർക്കൂ;
നിന്മുഖത്തിൽനിന്നു നിർഗ്ഗളിച്ചീടുന്ന
നന്മണിവീണാകളസ്വനത്താൽ
ശൂന്യമാമെൻ വിചാരാന്തരീക്ഷത്തെ നീ
ധന്യമാംവണ്ണം മുഖരമാക്കൂ;
ഓമന്മൃദുലമൃണാളികളെൻഗള-
സീമനി സാദരം നീയർപ്പിക്കൂ;
ശ്രീമൽ "പ്രണയലഹരി"യിലെങ്കര-
ളാമയമററു കുളുർത്തീടട്ടേ!

# പ്രേമാഞ്ജലി

ആനന്ദസന്ദായകമായ ദിവ്യ-
മഹസ്സിതാ! മുന്നിൽ വിളങ്ങിടുന്നു!
ഇതല്ലയോ, വൻനരകത്തിലും ഹാ!
നാകം രചിക്കുന്നൊരു ദിവ്യശക്തി? ൧

മാലിന്യമേററം ചുടുകണ്ണുനീരും
മനംകുളിക്കും പനിനീരുതാനായ്
മാററുന്നതേതോ; മഹിമാവെഴുന്നാ-
പ്രേമത്തിനാ,യഞ്ജലി കൂപ്പുക നാം. ൨

കരാളമാം കൂരിരുളിജ്ജഗത്തിൻ-
കവാടമാർഗ്ഗങ്ങൾ മറച്ചിടട്ടേ!
നമുക്കിതാ! നേർവഴി കാട്ടുവാനായ്
പ്രേമപ്രദീപം തെളിയുന്നു മേന്മേൽ. ൩

"പ്രപഞ്ചമെന്തോ മറിമായ"മെന്നായ്
പ്രഖ്യാപനം ചെയ്യുവരുണ്ടനേകം;
പ്രേമം പുതുപ്പുഞ്ചിരി പൂണ്ടുനിൽക്കേ
ഞങ്ങൾക്കതേതും വിലയുള്ളതല്ല. ൪

വികാസഹാസം വിളയുന്ന പൂവും,
വിലാസചായ്യാർന്നൊരു പൂനിലാവും,
പ്രേമാത്മമൂർത്തേ! തവ മേന്മയല്ലോ
വാഴ്ത്തുന്നു കേൾക്കാത്ത വചസ്സിനാലേ. ൫

വധൂവരന്മാരടിയങ്ങളങ്ങെ-
പ്പൂജിച്ചു ജന്മം സഫലീകരിക്കാം!
സായൂജ്യമേകും തവ സേവതന്നെ
ഞങ്ങൾക്കെഴും ശാശ്വതമായ ധർമ്മം!! ൩

## അജ്ഞിനവപ്രഹ്ലാദൻ

(മഞ്ജരി)

ഭർഗ്ഗനാം ദേവന്റെ സാന്നിദ്ധ്യത്താലു,മ-
ബ്ഭാഗീരഥീപ്രവാഹത്തിനാലും,
ഭാവുകവും പരിശുദ്ധിയുമാർന്നതായ്
ബ്ഭാരതഭൂമിതിലകമായി,
ശ്രീകരവസ്തുസർവ്വസ്വമായ് ശോഭിക്കും
ശ്രീകാശിയാകുന്ന പട്ടണത്തിൽ
പാലൊളിപ്പൂമ്പുകൾ പൂണ്ടോരസദ്*വാം
ബാലകനേകൻ ജയിച്ചീടുന്നു!
"ഗാന്ധിമത"ത്തിലങ്ങാലന്നു വിശ്വാസം
സന്തതമെന്തോ! വളർന്നുവന്നു!
പൂർവ്വജന്മാർജ്ജിതപുണ്യം മനുഷ്യർക്ക്
നേർവഴി കാട്ടിക്കൊടുക്കുമല്ലോ.
ശ്രീമൽ "സ്വദേശകരണത്യാഗ"തത്വങ്ങ-
ളോമൽക്കുമാരന്റെ ചിന്തയിലും,

* അസ്സദ്

വാക്കിലും, കർമ്മത്തിലുമൊരുപോലവേ
നിഷ്കപടമായ് തെളിഞ്ഞുവന്നു!

പ്രായം ചെറുപ്പം:—പതിന്നാൽ വയസ്സേയി-
ബ്ബാലകനായുള്ളുവെങ്കിലും, താൻ
മാതൃസോദരന്മാരാകും ധീരർക്ക
നേതൃത്വം കയ്യേററിതെന്നേ വേണ്ടു.

അല്ലെങ്കിലുണ്ടോ വയസ്സിനെ മാനിപ്പൂ
ഫുല്ലമായീടും സ്വദേശസ്നേഹം!
മർദ്ദനഭ്രതവുമന്നാളബ്ബാലനേ
നിർദ്ദയം ബാധിപ്പാനായൊരുങ്ങീ;

സങ്കടം ലോകത്തിനേകുവാനെപ്പൊഴും
പിൻകുഴി മാന്തുന്നൂ ദുഷ്ടദൈവം!
എന്തിനിന്നേറെപ്പറയുന്നു? ശിക്ഷയ്ക്കു
ഹന്ത! കുമാരകൻ പാത്രമായീ.

നിന്ദ്യമാം സ്വേച്ഛാഭരണമേ, നിൻതല-
യെന്നുമിടിഞ്ഞീ പതിക്കയില്ലേ?

ക്രൂരരാം രാജഭടന്മാരബ്ബാലനെ-
ക്കാരാഗൃഹത്തേ നയിച്ചിതന്നാർക്ക്
ഈരാറടിയാണു ശിക്ഷ; യതുമവർ
നേരായ് നടത്തിത്തുടങ്ങീ കഷ്ടം!

താഡനമോരോന്നുമേൽക്കുമ്പോളേശുന്ന
പീഡയശേഷം പൊറുത്തുകൊണ്ടേ,
മുന്നം "ഹിരണ്യകശിപു"തൻ ദ്രോഹത്തെ
നന്നായ് സ്സഹിച്ചതിഭക്തിയോടേ

“നാരായണാ”യെന്നു ചൊല്ലിയ ശാന്തഗം-
ഭീരനാം “പ്രഹ്ലാദ”നെന്നപോലേ,
ധീര‘നസദ്’ “മഹാത്മജി—കീജേ”യെ-
ന്നേത്രയുമുച്ചത്തിലുച്ചരിച്ചു!

പാവനമാകുമദ്ദിവ്യനാദം കാശീ-
പട്ടണത്തിങ്കൽ മുഴങ്ങിയെങ്ങും.
തന്മൃദുമോഹനമേനിയിൽനിന്നുമ-
ത്തല്ലോറ ചോരയൊലിച്ചുപോയീ!

വല്ലാത്ത വേദനകൊണ്ടു വശംകെട്ടു
തെല്ലു തളൎന്നു ഹാ! വീണു ബാലൻ!
വാൎത്തയറിഞ്ഞവരേവരും കണ്ണീരു
വാൎത്തു നിരാശരായ് നിന്നുപോയീ!
നിശ്ചലമായിത്തു വൃക്ഷലതാദിയും;
നിശ്ശബ്ദമായീ നഗരമാകേ;
ലോകമസദ്‌വിന്നന്നാളുദിച്ചോരു
ശോകത്തിൽ പങ്കുകൊള്ളുന്നു ചിത്രം!

തെല്ലുസമയംകഴിഞ്ഞാറേ ബാലകൻ
മെല്ലെയാശ്വാസം കലൎന്നെണീറ്റു
തന്നുടേ ശിക്ഷകഴിഞ്ഞെന്നറിഞ്ഞങ്ങു-
നിന്നു തൻവീട്ടിലേയ്ക്കായ്ഗ്ഗമിച്ചു;

എട്ടുപത്തു ദിനത്തോളം കിടപ്പിലാ-
യിട്ടു വിവശനായ്ത്തത്ര വാണു;
പിന്നീട്ടു ദിനമശേഷമകന്നവൻ
മുന്നേപ്പോൽ മാതൃസേവയ്ക്കൊരുങ്ങി;

തന്നുടേ കൃത്യത്തിനെത്ര പ്രതിബന്ധം
വന്നാലും ധീരരൊഴിക്കയില്ല;
മദ്ദ്രനദമ്മൂത്തേ! നിന്നുടേ നിന്ദ്യമാ-
മൃദ്യമം നിഷ്ഫലംതന്നെയെന്നും;
ഭാരതീയക്കെഴും ചോരക്കളഴലത്ര
ധാരാളമായ്‌ത്തണുത്തില നൂനം;
ആത്മശക്തിക്കെതിരായി നിന്നീടുവാ-
നക്രമം തെല്ലുമേ ശക്തമാമോ?

"ഭാരതമാതാവേ! താവകസന്താപ-
ഭാരം കളവാൻ പ്രയത്നിക്കുമീ-
വീരനാം നിന്നുടെ പുത്രന്നു മംഗളം
ചേരുവാൻ ദൈവത്തെ പ്രാർത്ഥിച്ചാലും".

ആഹ്ലാദമാർക്കുമരുളി "യഭിനവ-
പ്രഹ്ലാദ"നെന്നും ജയിച്ചിടട്ടേ!
ആതങ്കഹീനമെൻ രാജ്യമുണരട്ടേ!
സ്വാതന്ത്ര്യസങ്കേതം പ്രാപിക്കട്ടേ!!

## ഖാശ്രുമിശ്ലട്ടം.

(കേക)

---

എന്തിതു ദുസ്സ്വപ്നമോ! നിദ്രാമുദ്രിതമല്ല-
യെന്മിഴിയിണ;യെന്തോ ഹൃദയം തകരുന്നു!
തപ്തമാം കണ്ണീരേ! നീ ലയിച്ചീടുകെൻമുണ്ടിൽ
വൃത്താന്തപത്രമൊന്നുകൂടി ഞാൻ നോക്കീടട്ടേ!
ശരി; സംശയം തീർന്നു; വ്യക്തമായ്ക്കാണുന്നിതാ!
ഗരളാനുലിപ്തങ്ങൾ! അക്ഷരസഞ്ചയങ്ങൾ!!
"കേരളത്തിലെക്കേളികേട്ടോരു നൽസാഹിത്യ-
കാരനാം "തേലപ്പുറം"—അപ്പുറം വായിച്ചീല!
അവിചാരിതമാകും സംഭവം—വിധിക്കെഴു-
മവിവേകം—ഹാ! പറഞ്ഞീടേണ്ടതെന്തു പിന്നെ?

ഫലസമ്പത്തിയന്നു തൂമണം വീശിപ്പരം
വിലസീടുന്നൊരൊന്നാംതരമാം തണൽമരം
കടുത്ത ദുഷ്കാലമാമിടിത്തീ പതിക്കയാൽ
കരിഞ്ഞു ചാമ്പലായി; ഞങ്ങൾതൻഹൃത്തോടൊപ്പം!

നമ്മൾക്കു—നമ്പൂശന്മാ—"ൎക്കു്ഹൃദയ"ത്തിനായി
നന്മയിൽ പ്രയത്നിക്കുന്നോരു വന്ദ്യനേതാവും—
നല്ലോരു പത്രപ്രവൎത്തകനും—"നാടക"ത്തി-
ലുല്ലസൽപ്പുകളൊളിവൂണ്ടുഴം കവീന്ദ്രനും—
എല്ലാമൊന്നിച്ചുതന്നെ കഥയായ്ക്കഴിഞ്ഞല്ലോ;
വല്ലാതെ വിജൃംഭിച്ചു ദുർവ്വിധേ! തവ ദൌഷ്ട്യം!

നാമേവമെത്ര വിലപിച്ചിലുമെന്തു ഫല-
മാ മഹാനിദ്രങ്ങാട്ടിനി വരുന്നതല്ല നൂനം.
ശാന്തബ്രഹ്മതേജസ്സിൽ ചേൎന്നു തദ്വിവ്യാപ്തമായു
ശാശ്വതപരാനന്ദമാൎന്നു "വിശ്രമിച്ചുട്ടേ!"

---

## കെട്ടുക! കെട്ടുക!!

(മഞ്ജരി)

---

പൊട്ടിയല്ലോ ചിറ; വൈകാതെ വീണ്ടും നാം
കെട്ടുക! കെട്ടുക! സോദരരേ,
കാൎയ്യസാദ്ധ്യത്തിനു വേലയെടുക്കേണ്ടും
കാലം വെറുതെക്കളഞ്ഞിടൊല്ലേ!
തൂമ്പയെടുക്കുക! കിളച്ചുമാടിടുക!
തൂവിയൎപ്പു പൊഴിയട്ടെ മെയ്യിൽ!
    തള്ളിവരുന്നോരീ "വെള്ള"ക്കൂട്ടങ്ങളേ-
യുള്ളിൽക്കടപ്പാനയച്ചിടാതേ
നമ്മളാൽ നിൎമ്മിതമാകുമീവൻചിറ
നല്ലവണ്ണം പ്രതിരോധിക്കട്ടേ!
    അമ്മയ്ക്കുടുപ്പാനായ് പൊൻ"കതിർ"പ്പൂമ്പട്ടു
നന്മയിൽ നെയ്യുന്ന ചെന്നെല്ലുകൾ
പാടേ വിളഞ്ഞു കുളിരൊളി വീശുമീ-
പാവനക്ഷേത്രത്തിലി"ജ്ജലൌ"ഘം
വന്നുകേറിപ്പരന്നീടുന്നതാകിലോ
വല്ലാത്ത കഷ്ടത്തിലായിത്തീരും.

മുമ്പോട്ടു ശക്തിയോടേന്തുമീധാററയെ-
പ്പിമ്പോട്ടുതന്നേയകററിടേണം.
ഭീമപ്രവാഹം 'തടസ്സ'മായ്ത്തീർന്നാലും
ഭീതികലൎന്നു മടങ്ങീടൊല്ലേ.
പൌരുഷംകൈക്കൊണ്ടു കൎമ്മയോഗത്തിങ്കൽ
നേരായ വിശ്വാസത്തോടുംകൂടി
ഒട്ടും നൈരാശ്യമേശീടാതെ നാമണ-
കെട്ടുക! കെട്ടുക!! സോദരരേ!

---

## വാടിയ മുല്ല

---

കളകാന്തി കലർന്നുയർന്നു കണ്ണി-
ന്നളവില്ലാത്തൊരു കൌതുകത്തെ നൽകി,
വളരുന്നളവൊന്നുലഞ്ഞു വാടി-
ത്തളരാനെന്തൊരു മൂലമെന്റെ മുല്ലേ! ൧

ഖരദീധിതിയാം ദിനേശനെന്തോ!
പരമീർഷ്യാകുലനായ്ച്ചമഞ്ഞു നിന്നിൽ
"കര"മുഗ്രമണച്ചിരിക്കയാലി-
ത്തരമാകും ദുരവസ്ഥ വന്നതാണോ? ൨

മധുരാംഗി! നിനക്കെഴുന്ന നൽപ്പൂ-
മധു നന്ദിച്ചധികം നുകർന്നൊടുക്കി,
മധുപൻ തരസാ ഗമിച്ചിരിക്കാ-
മധുനാ നീയതിനാൽത്തളർന്നതാവ ൩ം.

പുത്തുപൂക്കളണിഞ്ഞിളംതളിർക്ക-
ളതുലം വീശി മനം മയക്കിയാക്കും
ചതുരപ്രഭയാർന്നിരുന്ന നിൻമെ-
യ്യിതു ഹാ! ദുർവ്വിധി വാട്ടുവാൻ വിധിച്ചോ? ൪

കുളിരേവനുമേകിടുന്ന നൽമൃ-
ന്തളിരും, പൂങ്കുലയും കുഴഞ്ഞു വാടി;
ലളിതാഭ കുറഞ്ഞു; കാണുവോർക്കും
തെളിവില്ലാത്തവിധം തളർന്നുപോയ് നീ. ൫

പുരുശോച്യത, ഹാ! നിനക്കിവണ്ണം
വരുവാനെന്തു യഥാർത്ഥഹേതുവെന്നായ്
നിരുപിച്ചു പലേവിധത്തിലും ഞാ-
നൊരുലേശം തിരിയുന്നതില്ല സത്യം. ൬

ഒരുകാലമതീവ സൌഖ്യമാം; മ-
റ്റൊരുകാലത്തതിദുഃഖമായിരിക്കാം;
നിരുപിക്കുക, ജഗത്തിൽ വാണിടുന്നോ-
ർക്കൊരുവർക്കും സുഖമെന്നതെന്നുമില്ല. ൭

വിവശതാമിയലുന്നിടുന്ന നിൻമെ-
യ്യൌവനം കാണുകിലുള്ളലിഞ്ഞുപോകും;
തവ ശോകമകന്നു നന്മ പോരും-
ദിവസം ശീഘ്രമടുത്തുവന്നിടട്ടേ! ൮

## മാതൃഭാഷാഗാഥ

അമ്മേ, ഭഗവതി, ത്രൈലോക്യവന്ദിതേ,
ശർമ്മദേ, ഗൈർവ്വാണി, നീ ജയിക്ക!
നിർമ്മലവേദശാസ്ത്രാദിപ്രകാശിതേ,
ധർമ്മാത്മികേ, ദേവി, വെൽവൂതാക!!
താവകപ്രേമപീയൂഷമൊന്നല്ലയോ
പാവങ്ങൾ നിന്മക്കൾക്കേകാലംബം;
നിന്മഹിമാവൊന്നുതന്നെയാണെന്നെന്നു-
മിമ്മഹിക്കുള്ളലങ്കാരമമ്മേ!
മാലാകെല്ലാം മാറാനെമന്നമ്മതന്നമ്മിഞ്ഞ-
പ്പാലല്ലോ സാഹിത്യസാരാമൃതം!
പൂതമാമമ്മുലപ്പാൽനുകർന്നുള്ളവ-
രേതവർ വിദ്വാന്മാരല്ലാത്തുള്ളൂ?
പാരിടമാകവേ പാവനമാക്കുന്ന
പാഥോജനാഭൻെറ സൽക്കഥയെ
"രാമായണാ"ഖ്യമാം കാവ്യമായ് തീൎത്തുള്ളോ-
രാ മഹാനാം മുനി വാല്മീകിയും,
ഭാരതമാതാവിൻ പുണ്യപ്പുളപ്പെഴും
വീരസുതരുടെ വന്മഹത്വം
നേരായിക്കാണിക്കും കണ്ണാടിയാം "മഹാ-
ഭാരതം"തീൎത്ത പാരാശരിയും,
എത്രയും ദുർഗ്ഗ്രഹമാം തവ തത്വത്തെ
"സ്സൂത്ര"ത്തിലെല്ലാൎക്കും കാട്ടിത്തന്നും,

ആവോളം സൽ"ഗ്ഗുണവൃദ്ധി" ജന്യോൽക്കർഷ-
മാർജ്ജിച്ചും വാണുള്ള പാണിനിയും,
എന്നല്ല ഭാസനും, ശ്രീകാളിദാസനും,
മന്നവൻ ഭോജനും, ശ്രീഹർഷനും,
നിർമ്മലാത്മാക്കളാം മററു മഹാന്മാരു-
മമ്മേ! നിൻപേർകേട്ട പുത്രരല്ലോ.
അപ്പുമാന്മാരൊക്കെപ്പോയ്പ്പോയെന്നാകിലു-
മിപ്പോഴുമായവർക്കുള്ള കീർത്തി
ഇപ്പാരിടത്തിനെ ശുഭ്രീകരിച്ചുകൊ-
ണ്ടല്ലേതരം വിളങ്ങുന്നിതെങ്ങും.
അന്നവർ ലോകപ്രസിദ്ധരായ് വന്നതും
നിന്നുടെ കാരുണ്യത്താലല്ലയോ?
മക്കളിലിത്രയും വാത്സല്യമേറീട്ടും
മററാരു മാതാവിന്നൊണ്ടാനുണ്ടോ?

ആരാണീഞങ്ങളെസ്സാരോപദേശങ്ങ-
ളോരോന്നേ ചൊല്ലിപ്പഠിപ്പിക്കുന്നു,
ആരാണീഞങ്ങൾതൻ കർണ്ണങ്ങളിൽസ്സത്യ-
ഗാഥകൾ ഭംഗിയിൽപ്പാടീടുന്നു;
ആരാണീ'പ്രാരബ്ധം' തീർത്തുടൻ ഞങ്ങളേ
മുക്തിമാർഗ്ഗത്തിലേക്കെത്തിയ്ക്കുന്നു;
മാഹാത്മ്യമേറുമബ്ഭാരതീദേവിയാം
'ശ്രീമാതൃഭാഷ'യെക്കൈതൊഴുന്നേൻ.

അമ്മേ, ഭഗവതി, ത്രൈലോക്യവന്ദിതേ,
ശർമ്മദേ, ഗൈർവ്വാണി, നീ ജയിയ്ക്ക!
നിർമ്മലവേദശാസ്ത്രാദിപ്രശോഭിതേ,
ധർമ്മാത്മികേ, ദേവി! വെൽവൃതാക!!

## മാതൃഭക്തി

അമ്മേ! ശുഭേ, നീ നിയമിച്ച നിത്യ-
കൃത്യങ്ങളാം ജോലികളൊക്കെയും മേ
അക്കാലമോ ദുഷ്പ്രസഹങ്ങ;ളെന്നാ-
ലിക്കാലമോ നല്ലൊരനുഗ്രഹങ്ങൾ! ൧

മുമ്പ്, "ജ്ഞനാ"സ്വാഭമെനിക്കു "കണ്ണ്"-
ശല്യപ്രദം നിന്റെ ശകാരപൂരം;
ഇന്നെൻ ചെവിക്കുള്ളിൽ മരന്ദധാര
ളുകുന്നൊരസ്സാന്ത്വനവാക്കുതന്നേ. ൨

പ്രേമത്തൊടെൻ നന്മയെമാത്രമുള്ളി-
ലാശിച്ചു നീ ചെയ്യൊരു ദണ്ഡനങ്ങൾ,
മംഗല്യമേകുന്നൊരു മണ്ഡനങ്ങ-
ളാണെന്നെനിക്കിന്നറിവായിവന്നു. ൩

നന്നായ് കനിഞ്ഞെൻ ജനയിത്രി! മുന്നം
ശിക്ഷിച്ചു നീയെന്നെ വളർത്തിയല്ലോ;
അല്ലായ്കിലോ, ത്വത്സുതനെത്ര നിന്ദ്യ-
നായിബ്ബഹിഷ്കാനിടവന്നിരുന്നു? ൪

"ശിശുക്കളെശ്ശൈശവകാലമേറെ
ലാളിക്കൊലാ" എന്ന വിശിഷ്ടവാക്യം
അറിഞ്ഞതിപ്രേമഭരത്തൊടെന്നെ-
പ്പാലിച്ച സാധ്വീമണി, നീ ജയിക്കൂ! ൫

# ഋഗ്വേദത്തിലേ ഉഷസ്സ്.

ഒരനുകരണം

(അന്നനട)

അടിയങ്ങളുടേ സ്തുതികളിലതി-
പ്രിയമൊടു വാഴുമുഷസ്സേ, വന്ദനം!
മരണമില്ലാത്തോരുഷസ്സേ! നിന്നെയീ-
മരണമുള്ളവരെവരറിഞ്ഞീടും?
സമസ്തശക്തികൾക്കധിവാസഭൂവേ!
ഭവതിയേവനിൽ പ്രസാദിപ്പൂ! ദേവി!
പല ദിക്കുകളിൽപ്പരന്നും ഭംഗിയിൽ-
പ്പല നിറംപൂണ്ടും പ്രകാശവൈചിത്ര്യം
കലർന്നുമിന്നിടുമുഷസ്സേ! നിൻവാസ-
സ്ഥലമെവിടെയെന്നറിഞ്ഞീല ഞങ്ങൾ;
അതങ്ങു ദൂരത്തോ, സമീപത്തോ, പാർക്കി-
ലിരിക്കുന്നതെന്നുമറിഞ്ഞീല ഞങ്ങൾ;
ഗഗനലക്ഷ്മിതൻ മകളായുള്ളോവേ!
പവിത്രങ്ങളാമീ നിവേദ്യങ്ങളെല്ലാം
അനുകമ്പാപൂർവ്വമെടുത്താലും! ഞങ്ങൾ-
ക്കനുദിനം ക്ഷേമം വരുത്തിത്തന്നാലും!
ധവളവസ്ത്രഭൂഷിതയു,മാദ്യോപിൻ-
സ്മിതയും, നിശ്ശേഷനിധികൾക്കീശയും,
യുവതിയുമാകുമവൾ തെളിവോടും
വരുന്നു; ഞങ്ങൾതൻ തമസ്സു നീക്കുന്നു!
ശുഭമാക്കമേകുമുഷസ്സേ! ഞങ്ങൾക്കി-
ന്നിവിടെ നീ ഭംഗ്യാ പ്രകാശിക്കേണമേ!!

## പ്രാർത്ഥന

(ടാഗോർ)

എവിടെബ്ഭയമേശാതെ വർത്തിച്ചീടുന്നു മാനസം;
എവിടെക്കൂസൽകൂടാതെയുത്തമാംഗമുയർത്തിടാം; ഫ

എവിടെബ്ഭുവനം ക്ഷുദ്രഗൃഹഭിത്തികളാൽ സ്വയം
ചെറുഖണ്ഡങ്ങളാകാതെ നിലനില്ക്കുന്നിതേകമായ്; വ

ജ്ഞാനം സ്വാതന്ത്ര്യമായെങ്ങു വിളങ്ങുന്നിതനാരതം;
എങ്ങാഴമുള്ള സത്യത്തിൽനിന്നു പൊങ്ങുന്നു വാക്കുകൾ; ന

യാതൊരേടത്തിലശ്രാന്തമായീടുന്ന പരിശ്രമം
ഫലപൂർത്തിക്കു കൈനീട്ടിക്കൊണ്ടു നില്ക്കുന്നു നിശ്ചലം; ര

വിവേകബുദ്ധിയാകുന്ന പരിശുദ്ധതരംഗിണി,
വെറും ദുരാചാരമാകും മരുഭൂമിതലത്തിലേ, ര

പാഴ്ററ പൂഴിയിൽപ്പെട്ടു വഴിമുട്ടാതെ നിത്യയായ്,
പ്രാപ്യസ്ഥാനമണഞ്ഞീടാനൊഴുകീടുന്നതെങ്ങുതാൻ; ന

സദ്വിചാരത്തിങ്കലേയ്ക്കും സൽക്കർമ്മത്തിങ്കലേയ്ക്കുമേ
മനസ്സയപ്പിച്ചു ഭവാനെങ്ങു വാഴുന്നിതന്വഹം; ര

സ്വാതന്ത്ര്യസങ്കേതമാകുമവിടെച്ചെന്നുചേരുവാൻ
ദൈവമേ! മാമകം രാജ്യമുണർന്നീടേണമേ! സദാ. വ്യ

17 DEC 1942

MUL
051112